# കേരള സർക്കാർ

## തദ്ദേശ സ്വയംഭരണ (ബി) വകുപ്പ്

## സർക്കുലർ

നമ്പർ 19990/ബി2/2002/ത.സ്വ.ഭ.വ — തിരുവനന്തപുരം, 2002 മെയ് 31.

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ്-കുടുംബശ്രീ-ഗ്രാമപഞ്ചായത്തുകൾക്ക് സഹായധനം നൽകുന്നത് സംബന്ധിച്ച്

സൂചന :- 16-07-2001 ലെ സർക്കുലർ 18872/ബി2/2001/ത.സ്വ.ഭ.വ

കുടുംബശ്രീ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതിലേക്കായി കുടുംബശ്രീയുടെ ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം 261 ഗ്രാമപഞ്ചായത്തുകളും സർക്കാർ നിർദ്ദേശത്തെ തുടർന്ന് കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്തും 1-ാം ഘട്ടമായി തെരഞ്ഞെടുക്കുകയുണ്ടായി. 03-11-2001 ലെ സർക്കാർ ഉത്തരവ് നമ്പർ 3357/2001/ത.സ്വ.ഭ.വ പ്രകാരം 295 ഗ്രാമപഞ്ചായത്തുകളും 16-11-2001 ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി) 3492/01/ത.സ്വ.ഭ.വ പ്രകാരം 6 പഞ്ചായത്തുകളും ഉൾപ്പെടെ 301 പഞ്ചായത്തുകളും 2002 ജനുവരി 8-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 138/02/ത.സ്വ.ഭ.വ പ്രകാരം തെരഞ്ഞെടുത്ത 37 ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടെ 600 ഗ്രാമപഞ്ചായത്തുകളിലും മലപ്പുറം ജില്ലയിൽ സി.ബി.എൻ.പി പ്രവർത്തനം നടന്നു വന്നിരുന്ന 100 പഞ്ചായത്തുകളും 2002 മാർച്ച് 4-ാം തീയതിയിലെ (ആർ.റ്റി) 515/2002/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ശേഷിക്കുന്ന 291 ഗ്രാമപഞ്ചായത്തുകളിലേക്കുംകൂടി കുടുംബശ്രീ 3-ാംഘട്ട പ്രവർത്തനം വ്യാപിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ആയിട്ടുണ്ട്. ഇതോടുകൂടി കുടുംബശ്രീ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും വ്യാപിപ്പിച്ചിട്ടുണ്ട്.

ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 261 ഗ്രാമപഞ്ചായത്തുകൾക്ക് 23-06-2000-ൽ ചേർന്ന കുടുംബശ്രീ എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം ഗ്രാമപ്രദേശങ്ങളിലെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവണ്മെന്റ് അനുവദിച്ച പ്രത്യേക ധനസഹായം 109 ഗ്രാമപഞ്ചായത്തുകൾക്ക് 1 കോടി 40 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഈ തുകയുടെ വിനിയോഗം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ സൂചനയിലെ സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു.

കുടുംബശ്രീ 09-01-2002 തീയതിയിൽ ചേർന്ന ഗവേണിംഗ് ബോഡി യോഗം ഗ്രാമപഞ്ചായത്തുകൾക്ക് കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകളിൽ നിന്നും ലഭിച്ച പ്രത്യേക ധനസഹായം വിതരണം ചെയ്യുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിക്കുകയുണ്ടായി.

| നമ്പർ | ഇനം | വെയിറ്റേജ് |
|---|---|---|
| 1. | ദരിദ്ര കുടുംബങ്ങളുടെ എണ്ണം (ബി.പി.എൽ ലിസ്റ്റ് പ്രകാരം) | 30% |
| 2. | അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായ ബി.പി.എൽ കുടുംബങ്ങളുടെ എണ്ണം | 20% |
| 3. | 31-12-2001 ന് സമാഹരിച്ച ലഘുസമ്പാദ്യം | 20% |
| 4. | 31-12-2001 ന് ലഘുസമ്പാദ്യ പദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങളുടെ എണ്ണം | 10% |
| 5. | വനിതാ ഘടക പദ്ധതിക്കായി നീക്കിവെച്ചിട്ടുള്ള തുക | 20% |
| | ആകെ | 100% |

മുകളിൽ സൂചിപ്പിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 2001-2002 സാമ്പത്തിക വർഷം കുടുംബശ്രീയിൽ ലഭ്യമായിരുന്ന 23 കോടി 60 ലക്ഷം രൂപ ഒന്നും രണ്ടും ഘട്ടങ്ങളിലായി കുടുംബശ്രീ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിലേക്കായി തെരഞ്ഞെടുത്ത 600 ഗ്രാമപഞ്ചായത്തുകളും മലപ്പുറം ജില്ലയിലെ 100 പഞ്ചായത്തുകളും ഉൾപ്പെടെ 700 പഞ്ചായത്തുകളിൽ 682 ഗ്രാമപഞ്ചായത്തുകൾക്കായി വിഭജിച്ച് നൽകുകയുണ്ടായി. ഇപ്രകാരം പഞ്ചായത്തുകൾക്ക് ലഭിച്ച തുക താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പഞ്ചായത്തുകൾ ചെലവ് ചെയ്യേണ്ടതാണ്.

1. ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷനിൽ നിന്നും ലഭിക്കുന്ന തുക പഞ്ചായത്തിലെ ദേശസാൽകൃത/കമേഴ്സ്യൽ/സഹകരണ ബാങ്കിൽ നിലവിലുള്ള അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും പഞ്ചായത്ത് സമിതിയുടെ തീരുമാനപ്രകാരം പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റിക്ക് കൈമാറേണ്ടതുമാണ്.

2. കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റിക്ക് ലഭ്യമാകുന്ന തുക സമിതിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും സമിതിയുടെ തീരുമാനപ്രകാരം താഴെപറയുന്ന ആവശ്യങ്ങൾക്കായി വിനിയോഗിക്കേണ്ടതുമാണ്.

   i. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താനാവശ്യമായ പരിശീലനം സംഘടിപ്പിക്കുന്നതിന്
   ii. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ വോളന്റിയർമാർക്ക് അവരുടെ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം നൽകുന്നതിന്
   iii. കുടുംബശ്രീ അയൽക്കൂട്ടങ്ങൽ സമാഹരിക്കുന്ന ലഘു സമ്പാദ്യത്തിന് ആനുപാതികമായി റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിന്
   iv. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് മൈക്രോസാരംഭങ്ങൾ ആരംഭിക്കുന്നതിന്
   v. അയൽക്കൂട്ടങ്ങളിലെ ദരിദ്ര കുടുംബങ്ങൾക്ക് ശുചിത്വ, കുടിവെള്ള സംവിധാനം ഏർപ്പെടുത്തുന്നതിന്

3. കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റിക്ക് ലഭിക്കുന്ന തുകയുടെ 60 ശതമാനം മൈക്രോസംരംഭങ്ങൾ ആരംഭിക്കുന്നതിനും 15 ശതമാനം തൊഴിൽ പരിശീലനങ്ങൾക്കും 25 ശതമാനം ദരിദ്ര കുടുംബങ്ങളുടെ ശുചിത്വ, കുടിവെള്ള സൗകര്യം എന്നീ അടിസ്ഥാന സൗകര്യ വികസനത്തിനുമായി വിനിയോഗിക്കേണ്ടതാണ്.

4. അയൽക്കൂട്ടങ്ങളിലെ ദരിദ്ര കുടുംബങ്ങളെ കുടുംബശ്രീ വിഭാവനം ചെയ്യുന്ന 9 സാമ്പത്തികേതര ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തേണ്ടതാണ്.

5. ഏരിയ ഡവലപ്പ്മെന്റ് സൊസൈറ്റികൾ തയ്യാറാക്കുന്ന കർമ്മ പദ്ധതി അടിസ്ഥാനപ്പെടുത്തി വേണം തുക ചെലവഴിക്കേണ്ടത്.

6. ഏരിയ ഡവലപ്പ്മെന്റ് സൊസൈറ്റികൾ തയ്യാറാക്കുന്ന കർമ്മ പദ്ധതി ഏകീകരിച്ച് പഞ്ചായത്തുതല കർമ്മ പദ്ധതി സി.ഡി.എസ് രൂപം നൽകേണ്ടതും സി.ഡി.എസിന്റെ പൊതുയോഗം അംഗീകരിക്കേണ്ടതുമാണ്.

7. സി.ഡി.എസിന്റെ പൊതുയോഗം അംഗീകരിച്ച കർമ്മ പദ്ധതി പഞ്ചായത്ത് ഭരണസമിതിയുടെ പരിഗണനക്കായി സമർപ്പിക്കേണ്ടതും പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

8. പഞ്ചായത്ത് സി.ഡി.എസിന് കുടുംബശ്രീയിൽ നിന്നും അനുവദിക്കുന്ന സഹായധനത്തിന് പുറമെ പഞ്ചായത്ത് ഭരണസമിതിക്ക് പ്ലാൻ ഫണ്ടിൽ നിന്നോ വനിതാ ഘടകപദ്ധതിയിൽ നിന്നോ മറ്റു ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾക്ക് നീക്കി വെക്കുന്ന തുകയിൽ നിന്നോ ഫണ്ട് അനുവദിച്ച് നൽകാവുന്നതാണ്.

9. സൂചനയിൽ കൊടുത്തിരിക്കുന്ന സർക്കുലറിലെ നിർദ്ദേശങ്ങൾ മുകളിൽ പറഞ്ഞിരിക്കും പ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

പി. കമാൽ കുട്ടി
ഗവണ്മെന്റ് സെക്രട്ടറി